**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4506** **29-10-2021 - ൽ മറുപടിയ്ക്ക്**

**ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ മേഖലകളിലും ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാകുന്നുണ്ടോ; | (എ) | ആധുനിക വൈദ്യ സൗകര്യം എല്ലാ പട്ടികവർഗ്ഗക്കാർക്കും സെറ്റിൽമെന്റിൽ തന്നെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഡോക്ടറുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും സേവനം ഉൾപ്പെടെ ആധുനിക സൗകര്യങ്ങളോടുകൂടിയ 14 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകളുടെ സേവനം സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ കോട്ടയം, ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ലഭ്യമാക്കിവരുന്നുണ്ട്. വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 2 മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ വീതം പ്രവർത്തിച്ചുവരുന്നു. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ തിരുവനന്തപുരം, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത സേവനം എല്ലാ പട്ടികവർഗ്ഗ മേഖലകളിലും ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന മേഖലകളിലാണ് നിലവിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കിവരുന്നത്. പട്ടികവർഗ്ഗ മേഖലകളിൽ കണ്ടുവരുന്ന പാരമ്പര്യ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, പകർച്ച വ്യാധികൾ, വിളർച്ച പോലുള്ള അസുഖങ്ങൾ എന്നിവ നിയന്ത്രണ വിധേയമാക്കുന്നതിനും ഗർഭിണികളായ സ്ത്രീകൾക്ക് വിദഗ്ധ പരിശോധന സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതിനും ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിച്ച വരുന്നത്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ എല്ലാ ദിവസങ്ങളിലും ഓരോ കോളനികൾ സന്ദർശിച്ച് ചികിത്സാവിധികൾ നിശ്ചയിച്ച് മരുന്ന് നൽകുകയും, വിദഗ്ധ ചികിത്സ |

| | | | |
|---|---|---|---|
| | | | ആവശ്യമായവർക്ക് താലൂക്ക് ജില്ലാ ആശുപത്രികൾ വഴി ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഭാവിയിൽ കൂടുതൽ മേഖലകളിൽ പദ്ധതി വ്യാപിപ്പിക്കുവാനും നിലവിൽ നല്കിക്കൊണ്ടിരിക്കുന്ന സേവനങ്ങൾക്ക് പുറമേ പുതിയ സാങ്കേതികവിദ്യ കൂടി കൂട്ടിയോജിപ്പിച്ച് ഊരുകളിൽ തന്നെ പരമാവധി ആരോഗ്യ ശുശ്രൂഷ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും സർക്കാർ ആലോചിക്കുന്നു. |

സെക്ഷൻ ഓഫീസർ